<u>പത്രക്കുറിപ്പ്</u>

# നിരവധി കേസ്സുകളിലെ പ്രതിയെ 'കാപ്പ' നിയമപ്രകാരം നാടുകടത്തി

## ലേബർക്യാമ്പിൽ മോഷണം നടത്തിയ കേസ്സിൽ രണ്ടുപേർ കൂടി പിടിയിൽ

തിരുവനന്തപുരം:- നിരവധി ക്രിമിനൽ കേസ്സുകളിൽ ഏർപ്പെട്ട് ജനങ്ങളുടെ സ്വൈര്യജീവിതത്തിന് നിരന്തരം തടസ്സം സൃഷ്ടിച്ചു വന്നയാളെ 'കാപ്പ' (KAA(P)A) നിയമപ്രകാരം നാടുകടത്തിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കോവളം മുട്ടയ്ക്കാട് അരിവാൾ കോളനിയിൽ 'കാട്ടിലെ കണ്ണൻ' എന്ന് വിളിക്കുന്ന വിമൽമിത്ര (21)-യെയാണ് തിരുവനന്തപുരം സിറ്റി പോലീസിന്റെ അധികാര പരിധിയ്ക്കുളളിൽ വരുന്ന പ്രദേശങ്ങളിൽ പ്രവേശിക്കുന്നതിന് ഒരു വർഷക്കാലത്തേയ്ക്ക് വിലക്കിക്കൊണ്ട് സിറ്റി പോലീസ് കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചത്.



കാപ്പ നിയമപ്രകാരം നാടുകടത്തിയ പ്രതി
വിമൽ മിത്ര (21)

തിരുവനന്തപുരം ജില്ലയിൽ വിവിധ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള പ്രദേശങ്ങളിൽ നിരന്തരം നിയമവിരുദ്ധപ്രവർത്തനങ്ങൾ നടത്തി വന്ന ഇയാൾക്കെതിരെ വധശ്രമം, കഠിന ദേഹോപദ്രവം, കഞ്ചാവ് കച്ചവടം, മോഷണം തുടങ്ങിയ വിവിധ കുറ്റകൃത്യങ്ങൾക്ക് 11-ഓളം കേസ്സുകൾ നിലവിലുണ്ട്. ജനങ്ങളുടെ സ്വൈര്യജീവിതത്തിന് നിരന്തരം ഭീഷണിയായ പ്രതിയെ സംബന്ധിച്ച് കോവളം എസ്.എച്ച്.ഒ പ്രൈജു നൽകിയ റിപ്പോർട്ട് പരിശോധിച്ച് ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ക്രമസമാധാനം) ഡോ.വൈഭവ് സക്സേനയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് 'കാപ്പ' നിയമം വകുപ്പ് 15(1) പ്രകാരം സിറ്റി പോലീസ് കമ്മീഷണർ സഞ്ചലന നിയന്ത്രണ ഉത്തരവ് പുറപ്പെടുവിച്ചത്. സിറ്റി പോലീസ് കമ്മീഷണറുടെ മുൻകൂർ അനുമതി ഇല്ലാതെ തിരുവനന്തപുരം നഗരപരിധിയിൽ പ്രവേശിച്ചാൽ ഇയാൾക്കെതിരെ "കാപ്പ" നിയമപ്രകാരമുള്ള ശക്തമായ തുടർനടപടികൾ സ്വീകരിക്കുമെന്നും കമ്മീഷണർ അറിയിച്ചു.

## ലേബർക്യാമ്പിൽ മോഷണം നടത്തിയ കേസിൽ രണ്ടുപേർ കൂടി പിടിയിൽ

തിരുവനന്തപുരം:- ആക്കുളത്തുള്ള ലേബർ ക്യാമ്പിൽ നിന്നും മൊബൈൽ ഫോണുകളും പണവും മോഷണം നടത്തിയ കേസിൽ രണ്ട് പ്രതികളെ കൂടി പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മുട്ടത്തറ പുതുവൽ പുത്തൻ വീട്ടിൽ വിഷ്ണു (22), പാച്ചല്ലൂർ സതി ഭവനിൽ അമ്പു എന്ന് വിളിക്കുന്ന അഖിൽ (19)

എന്നിവരെയാണ് പേട്ട പോലീസ് അറസ്റ്റ് ചെയ്തത്. ഈ കേസ്സിലെ ഒരു പ്രതിയെ പോലീസ് നേരത്തെ പിടികൂടിയിരുന്നു.

2020 ഡിസംബറിലാണ് മോഷണം നടന്നത്. ആക്കുളം ലോഡ്സ് ആശുപത്രിയ്ക്ക് സമീപമുള്ള ലേബർ ക്യാമ്പിൽ പുലർച്ചെ 4 മണിയോടുകൂടി അതിക്രമിച്ച് കയറിയ മൂന്നംഗസംഘം അന്യസംസ്ഥാന തൊഴിലാളികളുടെ വിലപിടിപ്പുള്ള രണ്ട് മൊബൈൽ ഫോണുകളും 5500/- രൂപയും മോഷ്ടിച്ചെടുത്ത് കടന്നു


പേട്ട പോലീസ് അറസ്റ്റ് ചെയ്ത
വിഷ്ണു (22), അഖിൽ (19)

കളയുകയായിരുന്നു. വിവരം അറിഞ്ഞ് സ്ഥലത്തെത്തിയ പോലീസ് സമീപത്ത് നിന്നും ഒരു പ്രതിയായ അമ്പലത്തറ സ്വദേശി അഫ്സലിനെ അന്ന് തന്നെ പിടികൂടിയിരുന്നു. ഒളിവിൽ കഴിഞ്ഞിരുന്ന മറ്റ് രണ്ട് പ്രതികളെ അന്വേഷിച്ചു വരവെ, ശംഖുമുഖം അസ്സിസ്റ്റന്റ് കമ്മീഷണർ ഡി.കെ.പൃഥ്വിരാജിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ പേട്ട എസ്.എച്ച്.ഒ ബിനുകുമാർ, എസ്.ഐ സുധീഷ് കുമാർ, സി.പി.ഒ-മാരായ ബിജുകുമാർ, ജയദേവൻ, രഞ്ജിത്ത് എന്നിവരടങ്ങിയ പോലീസ് സംഘമാണ് ഇന്നലെ

അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

തിരുവനന്തപുരം സിറ്റി
10-08-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി